(ഡി) പ്രസ്തുത യൂണിറ്റിനായി ട്രാഫിക്ക് പോലീസ് സ്റ്റേഷൻ നിർമ്മിക്കുന്നതിന് ഫണ്ട് അനുവദിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അത് എത്രയാണെന്നും ആയതിന്റെ പ്രവർത്തന പുരോഗതിയും വിശദമാക്കുമോ?

ഫണ്ട് അനുവദിച്ചിട്ടില്ല.

സ്റ്റുഡന്റ് പോലീസ് കേഡറ്റ്

109 (4834) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടി, പേരാമ്പ്ര, മേപ്പയ്യൂർ, പെരുവണ്ണാമൂഴി പോലീസ് സ്റ്റേഷൻ പരിധിയിലെ എത്ര സ്കൂളുകളിൽ എസ്.പി.സി. നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ?

കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടി പോലീസ് സ്റ്റേഷൻ പരിധിയിൽ 3 സ്കൂളുകളിലും പേരാമ്പ്ര പോലീസ് സ്റ്റേഷൻ പരിധിയിൽ 2 സ്കൂളുകളിലും, മേപ്പയ്യൂർ പോലീസ് സ്റ്റേഷൻ പരിധിയിൽ 2 സ്കൂളുകളിലും പെരുവണ്ണാമൂഴി പോലീസ് സ്റ്റേഷൻ പരിധിയിൽ 1 സ്കൂളിലും സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി നിലവിൽ പ്രവർത്തിക്കുന്നുണ്ട്.

(ബി) പ്രസ്തുത പോലീസ് സ്റ്റേഷൻ പരിധിയിലെ സ്കൂളുകളിൽനിന്നും എത്ര പുതിയ അപേക്ഷകൾ ലഭിച്ചിട്ടുണ്ട് ; വിവരം ലഭ്യമാക്കാമോ?

കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടി പോലീസ് സ്റ്റേഷൻ പരിധിയിൽ 6 സ്കൂളുകളിലേയ്ക്കും പേരാമ്പ്ര പോലീസ് സ്റ്റേഷൻ പരിധിയിൽ 3 സ്കൂളുകളിലേയ്ക്കും മേപ്പയ്യൂർ പോലീസ് സ്റ്റേഷൻ പരിധിയിൽ 2 സ്കൂളുകളിലേയ്ക്കും പുതുതായി സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി ലഭിക്കുന്നതിനായി അപേക്ഷ സംസ്ഥാന പോലീസ് മേധാവിക്ക് ലഭ്യമായിട്ടുണ്ട്. പെരുവണ്ണാമൂഴി പോലീസ് സ്റ്റേഷൻ പരിധിയിൽ എസ്.പി.സി പദ്ധതി ലഭിക്കുന്നതിനായി സ്കൂളുകളുടെ അപേക്ഷകളൊന്നും ലഭിച്ചിട്ടില്ല.

പോലീസ് വകുപ്പിലെ അഴിമതിയും കൈക്കൂലിയും തടയുന്നതിന് നടപടി

110 (4835) ശ്രീ. കെ. ബാബു (നെന്മാറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പോലീസ് വകുപ്പിലെ അഴിമതിയും കൈക്കൂലിയും തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

സംസ്ഥാന പോലീസ് സേനയിലെ അഴിമതി അവസാനിപ്പിക്കുന്നതിനായി അഴിമതി നിരോധന നിയമം 1988 അനുസരിച്ച് വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ശക്തമായ നടപടി സ്വീകരിച്ചുവരുന്നു. അഴിമതി സംബന്ധിച്ച് ലഭിക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly